● പഠനം

● ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദി

ഇസ്‌ലാമിക അധ്യാപനങ്ങളിൽ, വിശിഷ്യാ വിശ്വാസ കാര്യങ്ങളിൽ യുക്തിചിന്തയുടെയും ആശയസംവാദത്തിന്റെയും മാർഗത്തിലൂടെ രൂപപ്പെട്ടുവന്ന അഭിപ്രായങ്ങളുടെയും ചിന്താഗതികളുടെയും സമാഹാരമാണ് ഇൽമുൽ കലാം. വചനശാസ്ത്രം, ദൈവശാസ്ത്രം എന്ന് മലയാളത്തിൽ ഇത് വ്യവഹരിക്കപ്പെടുന്നു. വിശ്വാസ കാര്യങ്ങൾ ബുദ്ധിപരമായ തെളിവുകളുടെ പിൻബലത്തോടെ സമർഥിച്ചുകൊണ്ട് എതിരാളികളുടെ സംശയങ്ങൾ ദൂരീകരിക്കുകയാണ് ഇൽമുൽകലാമിന്റെ ലക്ഷ്യം. വിശ്വാസപരമായ കാര്യങ്ങൾ സമർഥിക്കുന്ന ശാസ്ത്രത്തിന് 'ഇൽമുത്തൗഹീദി വസ്സിഫാത്ത്' എന്നാണ് പറഞ്ഞിരുന്നത്. ഇത് പിന്നീട് ഇൽമുൽ കലാം എന്നറിയപ്പെട്ടു. ഭൗതിക വിജ്ഞാനീയങ്ങളിൽ ഫിലോസഫിക്കുള്ള സ്ഥാനമാണ് ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ ഇൽമുൽ കലാമിനുള്ളത്.

### സയ്യിദ് ഖുത്വ്ബും സലഫിസവും

# ഇൽമുൽ കലാം, അദ്വൈതവാദം

## സയ്യിദ് ഖുത്വ്ബിന്റെ നിലപാട്

ആദർശ സംബന്ധിയായ ശാഖാപരമായ വിഷയങ്ങളിൽ ചെറുതെറ്റുകൾ സംഭവിച്ചതിനാൽ സയ്യിദ് ഖുത്വ്ബ് സലഫിധാരയിൽ നിന്ന് പിഴച്ചുപോയതായി ചിലർ ആരോപിക്കുന്നു. തത്ത്വവും പ്രയോഗവും, മൻഹജും വഴിയും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കുന്നതിലെ അബദ്ധമാണ് ഈ തെറ്റിദ്ധാരണയുടെ അടിസ്ഥാനം. പോകുന്ന വഴിയിൽ ഒരാൾക്ക് കാലിടറിയാൽ അയാൾക്ക് ലക്ഷ്യം പിഴച്ചു, പ്രയോഗവൽക്കരണത്തിൽ ചെറുപിശക് പറ്റിയാൽ അടിത്തറ തന്നെ തകർന്നു എന്നൊക്കെ പറഞ്ഞാൽ എന്തായിരിക്കും സ്ഥിതി? അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്.



ശാഖാപരമായ വിഷയങ്ങളിലെ ചെറുതെറ്റുകൾ 'മൻഹജി'ന്റെ സാധുതയെ ബാധിക്കില്ലെന്നതാണ് വാസ്തവം. ആദർശവിഷയകമായി പോലും പണ്ഡിതന്മാരിൽ നിന്ന് ശാഖാപരമായ കാര്യങ്ങളിൽ തെറ്റുകൾ സംഭവിക്കാം. എന്ന് വെച്ച് മൻഹജിൽ തെറ്റി എന്ന് അർഥമില്ല. അതുപോലെ, തന്റെ ചിന്തയുടെ എല്ലാ ശാഖാ വശങ്ങളിലും ശരി പ്രാപിച്ചു എന്നതിന്റെ പേരിൽ ഒരാളുടെ 'മൻഹജ്' ശരിയായി എന്നും വിധിക്കാവതല്ല. ഈ ഉപാധി നാം വെക്കുന്ന പക്ഷം, സലഫുസ്സ്വാലിഹുകൾ ഉൾപ്പെടെ ഈ സമുദായത്തിലെ എല്ലാ പണ്ഡിതന്മാരുടെയും മൻഹജുകൾ തെറ്റാണെന്ന് നാം വിധിക്കേണ്ടി വരും. ഡോ: ഉമർ സുലൈമാനുൽ അശ്ഖറിനെ ഉദ്ധരിക്കട്ടെ: അബൂ ഹനീഫഃ അഹ്‌ലുസ്സുന്നത്തി വൽ

ജമാഅത്തുകാരനാണെന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. വൻപാപികളുടെ വിഷയത്തിൽ അഹ്ലുസ്സുന്നത്തിന്റെ മൻഹജിന് വിരുദ്ധമായ അഭിപ്രായം രേഖപ്പെടുത്തിയ അബൂഹനീഫയോട് നമുക്ക് യോജിപ്പില്ല. എങ്കിലും അദ്ദേഹം സലഫുസ്സ്വാലിഹുകൾക്കൊപ്പമാണ്. അതുപോലെ, സയ്യിദ് ഖുത്ബിന്റെ ചില ചിന്തകളെയും ഇതേ രീതിയിൽ വേണം നാം സമീപിക്കാൻ'1.

**ഇൽമുൽ കലാമിനോടുള്ള നിലപാട്**

'ഇൽമുൽ കലാം' (വചനശാസ്ത്രം) അഥവാ 'ഇൽമുത്തൗഹീദ്' വിഷയകമായി സയ്യിദ് ഖുത്ബിന്റെ നിലപാട് അദ്ദേഹത്തിന്റെ ആദർശ വിഷയകമായ സലഫി മൻഹജുമായി ബന്ധപ്പെട്ടതാണ്. ഇൽമുൽ കലാമിന്റെ ചില വക്താക്കൾ സയ്യിദ് ഖുത്ബിനെപറ്റി ചില സന്ദേഹങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതേപറ്റി പഠനം നടത്തിയ പ്രൊഫ: മുഹമ്മദ് തൗഫീഖ് ബറകാത്ത് ഇവ്വിഷയകമായി വ്യക്തതവരുത്തിയിട്ടുണ്ട്. പ്രാമാണികരായ സലഫി പണ്ഡിതന്മാരെ ഉപജീവിച്ചാണ് സയ്യിദ് ഖുത്ബ് അഭിപ്രായം രേഖപ്പെടുത്തിയതെന്നിരിക്കെ, അദ്ദേഹത്തെ ലക്ഷ്യം വെക്കുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാവുന്നില്ല. തന്റെ 'ഖസ്വാഇസ്വുത്തസ്വവ്വുരിൽ ഇസ്ലാമി' എന്ന കൃതിയുടെ മുഖവുരയിൽ, 'ഇൽമുൽ കലാം' എന്നൊരു ശാഖ വളർന്നുവരാനുണ്ടായ ചരിത്രപരമായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ടദ്ദേഹം എഴുതുന്നു.

1. ജിഹാദ് പ്രസ്ഥാനം നിലച്ചുപോവുകയും, മുസ്ലിംകൾ ഭൗതിക-ധൈഷണികാഢംബരങ്ങൾക്ക് കീഴ്പെടുകയും ചെയ്തു.

2. മുസ്ലിംകളുടെ ജീവിതത്തിൽ അപകടകരമായ രാഷ്ട്രീയ സംഭവങ്ങൾ സംജാതമായി. തദ്ഫലമായി രാഷ്ട്രീയ-ധൈഷണിക-മദ്ഹബീ കക്ഷിപക്ഷങ്ങൾ ഉടലെടുത്തു. ശീഅഃ-ഖവാരിജ്-മുഅ്തസിലഃ-മുർജിഅഃ വിഭാഗങ്ങൾ ഉദാഹരണം.

3. ഗ്രീക്ക്-ഭാരതീയാദി തത്ത്വശാസ്ത്ര ഗ്രന്ഥങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തപ്പെടുകയും, ജനങ്ങൾ അതിനോട് ആഭിമുഖ്യം കാണിക്കുകയും, ഗ്രീക് തത്ത്വശാസ്ത്രത്തോടും അതിന്റെ ദൈവശാസ്ത്ര ചർച്ചകളോടും താൽപര്യം വർധിക്കുകയും ചെയ്തു.

4. പേർഷ്യ,റോം മുതലായ നാടുകളിലെ യഹൂദ-ക്രൈസ്തവ-മജൂസി ജനങ്ങളുമായി മുസ്ലിംകൾ ബന്ധപ്പെടുകയും, അവരുടെ വിശ്വാസപരവും സാംസ്കാരികവും മറ്റുമായ വിഷയങ്ങളിൽ അവർ കൂടുതൽ അടുത്തിടപഴകുകയും ചെയ്തു.1

പ്രസ്താവിത നാലു കാരണങ്ങളുടെ സാഹചര്യത്തിൽ നിന്നാണ് 'ഇൽമുൽ കലാം' വളർന്നു വന്നത്. 'ഇതര സമൂഹങ്ങളുമായുണ്ടായ ഈ വേഴ്ചയുടെയും തദ്വാരഉണ്ടായ വ്യതിചലനത്തിന്റെയും ദോഷങ്ങളെക്കുറിച്ച് ഒരു സംഘം പണ്ഡിതന്മാർ ശക്തമായ സംവാദ പ്രതിരോധങ്ങൾ നടത്തുകയുണ്ടായി. അല്ലാഹുവിന്റെ സത്ത, ഖദാഅ് ഖദ്റ്, മനുഷ്യന്റെ കർമവും പ്രതിഫലവും, പാപം പശ്ചാത്താപം മുതലായ വിഷയങ്ങളിൽ സംവാദങ്ങൾ നടക്കുകയുണ്ടായി. ഖവാരിജ്, ശീഅഃ, മുർജിഅഃ, ഖദ്രിയ്യഃ, ജബ്രിയ്യഃ, മുഅ്തിസിലഃ മുതലായ വ്യത്യസ്ത ഗ്രൂപ്പുകൾ ഉടലെടുത്തു.2 ഇസ്ലാമിക സമൂഹത്തിനും കാഴ്ചപ്പാടിനും വിരുദ്ധമായ അധിനിവേശത്തെ ചെറുക്കാനുള്ള പ്രതിരോധമായിരുന്നു ഇതെന്ന് കാണാം.

ഖുർആൻ മനസ്സിലാക്കുന്നതിൽ ഖുആനിക സരണിയുമായും സലഫി ധാരയുമായും ഇൽമുൽ കലാം അകലാൻ കാരണം, വിഷയങ്ങൾ ചർച്ച ചെയ്യുന്നതിൽ അത് മാനവിക തത്ത്വശാസ്ത്രങ്ങളുടെ രീതിശാസ്ത്രം സ്വീകരിച്ചതും, ഇൽമുൽ കലാമിനെ തത്ത്വശാസ്ത്ര രീതിയിൽ ആവിഷ്കരിച്ചതുമാണ്. സയ്യിദ് ഖുത്ബ് എഴുതുന്നു: 'അരിസ്റ്റോട്ടിലിയൻ തത്ത്വശാസ്ത്രത്തിന്റെ വിശദീകരണമുൾപ്പെടെ ഗ്രീക് തത്ത്വശാസ്ത്രത്തിന്റെ ദുസ്വാധീനം മുസ്ലിം ചിന്തകർക്കിടയിൽ പ്രകടമായി. അതിഭൗതിക ദൈവശാസ്ത്ര ചർച്ചകളായിരുന്നു സ്വാധീനിച്ച മറ്റൊരു ഘടകം. തത്ത്വശാസ്ത്ര വേഷം ധരിച്ചാലേ ഇസ്ലാമിക ചിന്ത പരിപക്വമാവുകയുള്ളൂ എന്ന ധാരണ പരന്നു. ഇന്ന് നമ്മുടെ ചിലയാളുകൾ പാശ്ചാത്യ ചിന്താരീതിക

**ഖുർആൻ ഇസ്ലാമികാദർശത്തെ സജീവവും വസ്തുനിഷ്ഠവുമായ ഒരു 'യുദ്ധക്കള'ത്തിലേക്ക് പ്രവേശിപ്പിക്കുകയായിരുന്നു. മനുഷ്യപ്രകൃതിയെ നിർവീര്യമാക്കുന്ന തടസ്സങ്ങൾക്കെതിരെയായിരുന്നു ആ 'യുദ്ധം'. അത്തരുണത്തിൽ ഒരു 'സിദ്ധാന്ത'ത്തിന്റെ രീതിയായിരുന്നില്ല അതിനു ചേരുക. പ്രത്യുത, അക്കാലത്തെ സജീവമായ മനസ്സുകളിലെ തടസ്സങ്ങളെയും മറകളെയും ജീവത്തായി നേരിടുക എന്നതായിരുന്നു.**

ളിൽ ആകൃഷ്ടരാവുന്നതുപോലെയായിരുന്നു ഇത്. ഗ്രീക്ക് തത്ത്വശാസ്ത്രത്തെപോലെ ഇസ്‌ലാമിക തത്ത്വശാസ്ത്രവും, അരിസ്റ്റോട്ടിലിന്റെ തർക്ക ശാസ്ത്ര യുക്തിയനുസരിച്ച് 'വചന ശാസ്ത്ര'വും ഉണ്ടാക്കാൻ അവർ ശ്രമിച്ചു.

ഈ ഭ്രമത്തിനിടെ ആദർശ വിഷയകമായ ചർച്ചകൾക്കായി ഗ്രീക് തത്ത്വശാസ്ത്രത്തിന്റെ മൂശ വായ്പയെടുക്കേണ്ടി വന്നു. മനുഷ്യസ്വത്വത്തോട് മൊത്തമായി അഭിസംബോധന ചെയ്യുന്ന ഇസ്‌ലാമിന്റെ സമഗ്രപ്രകൃതിക്ക് യോജിച്ചവിധം സ്വതന്ത്രമൂശയിൽ ഇസ്‌ലാമിനെ ആവിഷ്കരിക്കുന്നതിനുപകരം, ബുദ്ധിപരമായ തർക്കശാസ്ത്രത്തിന്റെ മൂശയിൽ ഇസ്‌ലാമിനെ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു. ഇസ്‌ലാമിക സങ്കൽപത്തെ വാർത്തെടുക്കാൻ തത്ത്വശാസ്ത്ര മൂശ മാത്രമല്ല, ചില തത്ത്വശാസ്ത്ര സങ്കൽപങ്ങൾ തന്നെയും അവർ വായ്പയെടുക്കുകയും അതിനെയും ഇസ്‌ലാമിനെയും തമ്മിൽ യോജിപ്പിക്കാൻ അവർ ശ്രമങ്ങൾ നടത്തുകയും ചെയ്തു. സാങ്കേതികപദങ്ങളത്രയും വായ്പയെടുത്തവയായിരുന്നു.3

മുൻകാല മുസ്‌ലിം പണ്ഡിതന്മാരുടെ ഈ നിലപാട് സയ്യിദ് ഖുത്വ്ബ് നിരാകരിച്ചു. അതിന്റെ കാരണം അദ്ദേഹം ഇങ്ങനെ വിവരിച്ചു:

'ഗ്രീക് തത്ത്വശാസ്ത്രത്തെയും ഇസ്‌ലാമിക കാഴ്ചപ്പാടിനെയും സംയോജിപ്പിക്കാനുള്ള ശ്രമം, ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെ പ്രകൃതിയെയും ബഹുദൈവ വിശ്വാസത്തിന്റെ അഗാധമായ വേരുകളെയും ഗൗരവപൂർവം കണക്കിലെടുക്കാതെയും, ഇസ്‌ലാമിക ദർശനത്തിനും അതിന്റെ മൗലിക സ്രോതസ്സുകൾക്കും വിരുദ്ധമായ രീതിശാസ്ത്രമനുസരിച്ചുമായിരുന്നു. ഐതിഹ്യങ്ങൾ നിറഞ്ഞ ബഹുദൈവ സാഹചര്യത്തിൽ നിന്നാണ് യവനതത്ത്വശാസ്ത്രം ആവിഷ്കൃതമായത്. അതിന്റെ വേരുകൾ വെള്ളവും വളവും വലിച്ചെടുത്തതും ഇതേ ബഹുദൈവ ഭൂമികയിൽ നിന്നാണ്. അതിനാൽ തന്നെ, ഇസ്‌ലാമിനെയും യവന ചിന്തയെയും ചേർത്തുകെട്ടാനുള്ള ശ്രമം പാഴായിരുന്നു.4



**'ആദർശത്തിന്റെ ശൈലി സജീവവും, ഹൃദയാകർഷകവും, ബോധനപരവുമാണ്. വാചകങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത വലിയ ആശയ യാഥാർഥ്യങ്ങൾ അത് ഉൾക്കൊള്ളുന്നു. മനുഷ്യസ്വത്വത്തെ അതിന്റെ എല്ലാ വശങ്ങളിലൂടെയും ശേഷികളിലൂടെയും ജ്ഞാനപ്പഴുതുകളിലൂടെയും അത് അഭിസംബോധന ചെയ്യുന്നു.**

വചനശാസ്ത്ര പണ്ഡിതന്മാർക്ക് മറ്റൊരു മൗലികാബദ്ധവും സംഭവിച്ചു. ഇസ്‌ലാമികാദർശത്തിന്റെ ശൈലിയും, തത്ത്വശാസ്ത്രത്തിന്റെ ശൈലിയും തമ്മിലുള്ള അന്തരം അവർ വ്യവഛേദിച്ച് മനസ്സിലാക്കിയില്ല. അക്കാരണത്താൽ, ആദർശത്തെ തത്ത്വശാസ്ത്ര ശൈലിയിൽ അവതരിപ്പിച്ചപ്പോൾ, ശുദ്ധമായും പ്രതിഫലനക്ഷമമായും അവതരിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല. 'ആദർശത്തിന്റെ ശൈലി സജീവവും, ഹൃദയാകർഷകവും, ബോധനപരവുമാണ്. വാചകങ്ങൾക്ക് ഉൾക്കൊള്ളാനാവാത്ത വലിയ ആശയയാഥാർഥ്യങ്ങൾ അത് ഉൾക്കൊള്ളുന്നു. മനുഷ്യസ്വത്വത്തെ അതിന്റെ എല്ലാ വശങ്ങളിലൂടെയും ശേഷികളിലൂടെയും ജ്ഞാനപ്പഴുതുകളിലൂടെയും അത് അഭിസംബോധന ചെയ്യുന്നു. ഇസ്‌ലാം മനുഷ്യനിലെ ചിന്തയോട് മാത്രമല്ല സംവദിക്കുന്നത്. എന്നാൽ, തത്ത്വശാസ്ത്രത്തിന്റേത് മറ്റൊരു ശൈലിയാണ്. അത് യാഥാർഥ്യത്തെ വാക്കുകളിലൊതുക്കാൻ ശ്രമിക്കുന്നു....... ഈ യാഥാർഥ്യങ്ങളിലെ മൗലികമായ വശങ്ങൾ സ്വാഭാവികമായും മനുഷ്യചിന്തയുടെ മേഖലക്കപ്പുറമുള്ളതാണ്. ആദർശ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ശ്രമിക്കുമ്പോഴെല്ലാം തത്ത്വശാസ്ത്രം അനിവാര്യമായും ശുഷ്കവും സങ്കീർണവുമായി മാറും. അതുകൊണ്ടുതന്നെ, തത്ത്വശാസ്ത്രത്തിന് മനുഷ്യജീവിതത്തിൽ പ്രസ്താവ്യമായ ഒന്നും നിർവഹിക്കാനുണ്ടായിരുന്നില്ല. മാനവതയെ മുന്നോട്ട് നയിക്കാൻ ആദർശത്തിന് കഴിഞ്ഞതിനേക്കാൾ ഒന്നും ചെയ്യാൻ തത്ത്വശാത്രത്തിന്നായിട്ടില്ല'5.

ഇസ്‌ലാമികാദർശം വിശദീകരിക്കുന്നതിന് വചനശാസ്ത്ര പണ്ഡിതന്മാർ മനുഷ്യ നിർമിത തത്ത്വശാസ്ത്രത്തിന്റെ മൂശ ഉപയോഗിച്ചത് മൗലികാബദ്ധമായിരുന്നു. അത് ആദർശത്തെ വികൃതമാക്കി. അതിനെ ഹൃദയങ്ങളിൽ മരിപ്പിച്ചു കളഞ്ഞു. അതിനാൽ തന്നെ ഇസ്‌ലാമിക യാഥാർഥ്യങ്ങൾ അവതരിപ്പിക്കാൻ തത്ത്വശാസ്ത്ര മൂശ വായ്പയെടുക്കുന്നത് ശരിയ

ല്ലെന്ന് സയ്യിദ് ഖുത്ബ് തീർത്തു പറഞ്ഞു. വിഷയത്തിന്റെ പ്രകൃതിയും, മൂശയുടെ പ്രകൃതിയും ഒരുപോലെ പ്രധാനമാണ്. വിഷയം മൂശക്കനുസൃതമായി പ്രതിഫലനവിധേയമാവും. ചിലപ്പോൾ വിഷയത്തിന്റെ സ്വഭാവം മാറും. വികൃതമായെന്നും വരും......6

ആദർശ സമർപ്പണത്തിൽ ഖുർആന്റെ രീതിയും, അത് സമർപിക്കുന്നതിന്നായി മാനുഷികരീതിയോ, തത്ത്വശാസ്ത്രപരമായ മൂശയോ ഉപയോഗിക്കുന്നത് അനുവദനീമല്ലെന്നും സ്ഥാപിക്കുന്ന സയ്യിദ് ഖുത്ബിന്റെ വാദഗതി ശ്രദ്ധിക്കുക:

'ഖുർആൻ ഇസ്‌ലാമികാദർശത്തെ സജീവവും വസ്തുനിഷ്ഠവുമായ ഒരു 'യുദ്ധക്കള'ത്തിലേക്ക് പ്രവേശിപ്പിക്കുകയായിരുന്നു....... മനുഷ്യ പ്രകൃതിയെ നിർവീര്യമാക്കുന്ന തടസ്സങ്ങൾക്കെതിരെയായിരുന്നു ആ 'യുദ്ധം'........... അത്തരുണത്തിൽ ഒരു 'സിദ്ധാന്ത'ത്തിന്റെ രീതിയായിരുന്നില്ല അതിനു ചേരുക. പ്രത്യുത, അക്കാലത്തെ സജീവമായ മനസ്സുകളിലെ തടസ്സങ്ങളെയും മറകളെയും ജീവത്തായി നേരിടുക എന്നതായിരുന്നു. പിൽക്കാലങ്ങളിൽ ഏകദൈവ വിജ്ഞാനീയം സ്വീകരിച്ച ധൈഷണിക സംവാദരീതി അന്നത്തെ സാഹചര്യത്തിൽ മതിയാകുമായിരുന്നില്ല'7

'ഇസ്‌ലാമിക സങ്കൽപത്തിന്റെ വ്യതിരിക്തതയും, വ്യക്തിത്വത്തിന്റെ സവിശേഷതയും പരിഗണിക്കുമ്പോൾ അതിനുപകരം മറ്റുവല്ല മാനദണ്ഡവും സ്വീകരിക്കുന്നത് മൗലികമായ അബദ്ധമായി മാറും.8 'ഇസ്‌ലാമികാദർശത്തെ ആദർശത്തിന്റെ ശൈലിയിൽ തന്നെ അവതരിപ്പിക്കണം. തത്ത്വശാസ്ത്രത്തിന്റെ ശൈലിയിൽ അവതരിപ്പിക്കുന്നത് അതിനെ വധിച്ചുകളയും. അതിന്റെ പ്രകാശത്തെയും ബോധനത്തെയും കെടുത്തിക്കളയും. ബഹുതലങ്ങളോട് കൂടിയ മനുഷ്യസ്വത്വത്തിന്റെ ഏതെങ്കിലും ഒന്നിൽ മാത്രമായി അതിനെ പരിമിതപ്പെടുത്തിക്കളയും. ഇസ്‌ലാമിന്റെ പ്രകൃതിക്കന്യമായ ശൈലിയിൽ ആദർശത്തെ അവതരിപ്പിക്കാനുള്ള ശ്രമം സങ്കീർണവും ശുഷ്കവും വ്യതിചലന വിധേയവുമാവും. ഈ മൂശ ഇസ്‌ലാമിനെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല'9.

മേൽ കാരണങ്ങളാലെല്ലാം, 'ഇൽമുൽ കലാമി'നെ പൂർണമായും പരിത്യജിച്ച് ഖുർആനിൽ നിന്ന് നേരിട്ട് ആദർശം സ്വീകരിക്കുകയാണ് വേണ്ടതെന്ന് സയ്യിദ് ഖുത്ബ് വാദിച്ചു.

'ഇസ്‌ലാമിക ദർശനം' വൈരൂപ്യത്തിൽനിന്നും വ്യതിചനത്തിൽനിന്നും രൂപമാറ്റത്തിൽ നിന്നും രക്ഷപ്പെടണമെങ്കിൽ 'ഇസ്‌ലാമിക തത്ത്വശാസ്ത്രം' എന്ന നാമകരണം എടുത്തു കളയണം എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. വിവിധ കാലങ്ങളിൽ വ്യത്യസ്ത ഇസ്‌ലാമിക ഗ്രൂപ്പുകൾക്കിടയിൽ 'ഇൽമുൽ കലാമി'നെ കുറിച്ച് ഉണ്ടായ തർക്കവിതർക്കങ്ങൾ മാറ്റിവെക്കണം. എന്നിട്ട് ഖുർആനിൽനിന്ന് ഇസ്‌ലാമിക ദർശനത്തിന്റെ അടിസ്ഥാനങ്ങൾ കണ്ടെടുക്കണം. ഇസ്‌ലാമിക സങ്കൽപത്തിന്റെ അടിസ്ഥാനങ്ങളെ ഇതര സങ്കൽപങ്ങളുമായി താരതമ്യം ചെയ്യുന്നതിന് വിരോധമില്ല. പക്ഷെ, ഇസ്‌ലാമിക കാഴ്ചപ്പാടുകൾ ഖുർആനിൽ നിന്ന് നേരിട്ട് തന്നെയായിരിക്കണം കണ്ടെടുക്കേണ്ടത്.10 ചരിത്രപരമായ പഠനത്തിന്റെ ഭാഗമായും, തദ്വിഷയകമായ വ്യതിചനം വിശദീകരിക്കാനായും മാത്രമെ 'ഇൽമുൽ കലാമി'നെ ആശ്രയിക്കേണ്ടതുള്ളൂ. ആ പൈതൃകത്തെ നമ്മുടെ അടിസ്ഥാന ഇസ്‌ലാമിക ധാരണയിൽനിന്ന് മൊത്തമായിത്തന്നെ തള്ളിക്കളയണം. അതേപറ്റിയുള്ള പഠനം ചരിത്രപഠനമെന്ന നിലയിൽ മാത്രമാവണം. അതും വ്യതിചനത്തെയും അതിന്റെ കാരണങ്ങളെയും സംബന്ധിച്ചറിയാൻ മാത്രമാവണം'11. 'എന്റെ ഈ നിലപാട് ചുരുങ്ങിയത് അമ്പരപ്പെങ്കിലുമുണ്ടാക്കുമെന്ന് എനിക്കറിയാം. തത്ത്വശാസ്ത്ര ചർച്ചകളിൽ മുഴുകിയവരിൽ പൊതുവിലും, 'ഇസ്‌ലാമിക തത്ത്വശാസ്ത്ര'ത്തെക്കുറിച്ച് പഠിക്കുന്നവരിൽ വിശേഷിച്ചും. പക്ഷെ, ഞാൻ അത് അങ്ങനെത്തന്നെയാണ് മനസ്സിലാക്കുന്നത്'12.

സയ്യിദ് ഖുത്ബ് ഇത്തരമൊരു നിലപാട് സ്വീകരിക്കാനുണ്ടായ കാരണവും, അതിന് സ്വീകരിച്ചരീതിയും, അതിനുപകരം നിർദ്ദേശിച്ച പരിഹാരവും മുൻ ഉദ്ധരണികളിൽ നിന്ന് വ്യക്തമായിരിക്കെ, പൂർവകാല പണ്ഡിതന്മാരും സ്വീകരിച്ച നിലപാടെന്ന നിലയിൽ നമുക്ക് അതുൾക്കൊള്ളാൻ കഴിയേണ്ടതാണ്. ഖുർആനിൽ നിന്നും തിരുചര്യയിൽനിന്നും നേരിട്ട് സ്വീകരിക്കാൻ കഴിവുള്ള ഒരു പണ്ഡിതനെ, തെറ്റാനും ശരിയാവാനും ഒരുപോലെ സാധ്യതയുള്ള 'ഇൽമുൽ കലാം' പോലുള്ള ഒരു ശാഖയുടെ പേരിൽ ആക്ഷേപിക്കുന്നതിനെന്തർഥം!

പ്രഫസർ ഉമർ അശ്ഖർ എഴുതുന്നു!. സയ്യിദ് ഖുത്ബ് മുന്നോട്ടുവെച്ച മുഖ്യമായ വിഷയങ്ങൾ സലഫീ മൻഹജിന്റെ അടിസ്ഥാനങ്ങളിൽ ഊന്നിയവയാണ്. അദ്ദേഹത്തിന്റെ 'ഖസ്വാഇസ്വുത്തസ്വവ്വുരിൽ ഇസ്‌ലാമി' ഉദാഹരണം. അതിൽ അദ്ദേഹം ഖുർആന്റെ മൻഹജും തത്ത്വശാസ്ത്രത്തിന്റെ മൻഹജും ഖണ്ഡിതമായി വേർതിരിച്ചിരിക്കുന്നു. ഇസ്‌ലാമികാദർശത്തെ വാർത്തെടുക്കാനുള്ള ഇൽമുൽ കലാമിന്റെ ആളുകളുടെ ശൈലികളും രീതികളും അദ്ദേഹം നിരാകരിച്ചു.........ഇത് ഇബ്നു തൈമിയ്യ: അംഗീകരിച്ച അടിസ്ഥാനങ്ങളിൽ പെട്ടതായാണ് പരിഗണിക്കപ്പെടുന്നത്. സയ്യിദ് ഖുത്ബ് ഇതിലെത്തിയത് പഠനത്തിന്റെ ഫലമായാണ്.13

പ്രഫസർ ഉമറുൽ അശ്ഖർ തന്റെ 'അൽ അഖീദത്തു ഫില്ലാഹ്' എന്ന കൃതിയിൽ, ആദർശവിഷയകമായി തത്ത്വശാസ്ത്രം,

ഇൽമുൽ കലാം മുതലായ ഗ്രൂപ്പുകളുടെ സ്രോതസ്സുകളും രീതികളും മൻഹജുകളും സ്വാധീനശക്തിയും തെളിവ് നിർധാരണം ചെയ്യുന്ന രീതിയും മറ്റും പരിശോധിക്കുന്നുണ്ട്.14 മുൻകാല പണ്ഡിതാഗ്രഗണ്യന്മാരും ഇതേ വിധം ഇൽമുൽ കലാമിനെ വിശകലന വിധേയമാക്കിയിട്ടുണ്ട്. സയ്യിദ് ഖുത്ബ് പുതുക്കക്കാരനെല്ലെന്ന് ചുരുക്കം. അവർക്ക് അനുവദനീയമായത് സയ്യിദ് ഖുത്ബിനും അനുവദനീയമാണെന്നർഥം. ഇസ്‌ലാമിക പ്രമാണങ്ങളുമായി കൂടുതൽ ചേരുക ഇതാവുമ്പോൾ വിശേഷിച്ചും.

ചില മുൻകാല പണ്ഡിതന്മാർ ഇൽമുൽ കലാമിനെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ ഉമറുൽ അശ്ഖർ എടുത്തു ചേർത്തത് കാണുക: ഇമാം ശാഫി(റ) പ്രസ്താവിക്കുന്നു: 'ഇൽമുൽ കലാമി'ന്റെ വക്താക്കളെ ഈ ഈത്തപ്പനമട്ടലും

റിയുന്നവർക്ക് എനിക്ക് മനസ്സിലായത് മനസ്സിലാവും' ഇമാം ശഹ്റസ്താനി എഴുതുന്നു: 'എല്ലാ സ്ഥാപനങ്ങളിലൂടെയും ഞാൻ ചുറ്റിനടന്നു. ആ അടയാളങ്ങൾക്കിടയിലൂടെ ഞാൻ എന്റെ കണ്ണുകൾ ഓടിച്ചു. നിരാശയാൽ താടിക്ക് കൈകൊടുത്തിരിക്കുന്നവരെയും, പല്ലു കടിക്കുന്നവരെയുമല്ലാതെ ഞാൻ കണ്ടിട്ടില്ല'17.

'ഇൽമുൽക്കലാമി'നുവേണ്ടി ആയുസ്സ് ചെലവഴിച്ച ഇമാം ജുവൈനി പരിതപിക്കുന്നു: 'സുഹൃത്തുക്കളെ, നിങ്ങൾ ഇൽമുൽകലാമിൽ വ്യാപൃതരാകാതിരിക്കുക. ഇത്തരം ഒരവസ്ഥയിലാണ് എത്തിച്ചേരുകയെന്ന് നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ അതിന്‌വേണ്ടി മിനക്കെടുമായിരുന്നില്ല' മരണാസന്ന വേളയിൽ അദ്ദേഹം പറഞ്ഞു: 'ഇസ്‌ലാമിന്റെ വക്താക്കളെയും അവരുടെ വിജ്ഞാനീയങ്ങളെയും

**ഇസ്‌ലാമികാദർശം വിശദീകരിക്കുന്നതിന് വചനശാസ്ത്ര പണ്ഡിതന്മാർ മനുഷ്യ നിർമിത തത്ത്വശാസ്ത്രത്തിന്റെ മൂശ ഉപയോഗിച്ചത് മൗലികാബദ്ധമായിരുന്നു. അത് ആദർശത്തെ വികൃതമാക്കി. അതിനെ ഹൃദയങ്ങളിൽ മരിപ്പിച്ചു കളഞ്ഞു. അതിനാൽ തന്നെ ഇസ്‌ലാമിക യാഥാർഥ്യങ്ങൾ അവതരിപ്പിക്കാൻ തത്ത്വശാസ്ത്ര മൂശ വായ്പയെടുക്കുന്നത് ശരിയല്ലെന്ന് സയ്യിദ് ഖുത്ബ് തീർത്തു പറഞ്ഞു. വിഷയത്തിന്റെ പ്രകൃതിയും, മൂശയുടെ പ്രകൃതിയും ഒരുപോലെ പ്രധാനമാണ്.**

ചെരിപ്പുകളുംകൊണ്ട് അടിക്കുകയും, ഗോത്രങ്ങളിലൂടെയും കുടുംബങ്ങളിലൂടെയും പ്രദക്ഷിണം ചെയ്യിക്കുകയും ചെയ്യണമെന്നാണ് എന്റെ വിധി. ഖുർആനും സുന്നത്തും കൈയ്യൊഴിച്ചവർക്ക് ഇതാണ് പ്രതിഫലമെന്ന് പ്രസ്താവിക്കണം'15.

ഇൽമുൽ കലാമിന്റെ അഗാധതയിലേക്ക് ആഴ്ന്നിറങ്ങിയശേഷം അതിൽനിന്ന് രക്ഷപ്പെട്ട ഇമാം അബൂഅബ്ദില്ല മുഹമ്മദ്ബ്നു ഉമറുർറാസി, തന്റെ അന്വേഷണപരാജയം പദ്യത്തിലൂടെ ആവിഷ്ക്കരിച്ചിട്ടുണ്ട്'. 'ആയുസ്സ് നീളെ അന്വേഷിച്ചു നടന്നിട്ടും, പറയപ്പെടുന്നു, 'അവൻ പറഞ്ഞു' എന്നിങ്ങനെ ചില പ്രസ്താവനകൾ ശേഖരിക്കാനല്ലാതെ അവർക്ക് കഴിഞ്ഞിട്ടില്ല'16 അതിനുപുറമെ ഗദ്യത്തിലൂടെ അദ്ദേഹം തന്റെ ഭഗ്ന ചിന്തകൾ രേഖപ്പെടുത്തിയത് കാണുക: 'ഇൽമുൽ കലാമിന്റെയും തത്ത്വശാസ്ത്രത്തിന്റെയും രീതിശാസ്ത്രങ്ങളെക്കുറിച്ച് ഞാൻ വളരെ പര്യാലോചിച്ചു. അത് ആരുടെയും രോഗം ഭേദമാക്കാനോ, ദാഹം ശമിപ്പിക്കാനോ പര്യാപ്തമല്ലെന്ന് എനിക്ക് ബോധ്യമായി. ആദർശവിഷയകമായി കാര്യങ്ങൾ മനസ്സിലാക്കാൻ ഏറ്റവും നല്ല മാർഗം ഖുർആന്റേതാണെന്ന് എനിക്ക് ബോധ്യമായി. എന്നെപോലെ പരീക്ഷിച്ച

കയ്യൊഴിച്ച് ഞാൻ, നിരോധങ്ങൾ മാറികടന്ന്, ഇൽമുൽകലാമിന്റെ മഹാസമുദ്രം താണ്ടിക്കിടക്കാൻ ശ്രമിച്ചു. ഇപ്പോൾ അല്ലാഹു അവന്റെ കാരുണ്യത്താൽ വീണ്ടെടുത്തില്ലായിരുന്നുവെങ്കിൽ ഇബ്നുൽ ജുവൈനി നശിച്ചത് തന്നെയായിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ എന്റെ ഉമ്മയുടെ ആദർശമനുസരിച്ചാണ് മരിക്കാൻ പോവുന്നത്.18 ഇത്രയും മനസ്സിലാക്കിയാൽ സയ്യിദ് ഖുത്ബ് ഇൽമുൽ കലാം വിഷയകമായി നേരായ നിലപാടിലായിരുന്നുവെന്ന് വ്യക്തം. സ്വഛവും കൃത്യവുമായ ഇസ്‌ലാമികാദർശവിശ്വാസം കരുപ്പിടിപ്പിക്കാൻ തത്ത്വശാസ്ത്ര ചർച്ചകൾ കയ്യൊഴിച്ച് ഖുർആനികമായി ചിന്തിക്കണമെന്ന അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വിശ്വാസികളുടെ ജീവിതത്തിൽ ക്രിയാത്മമായി പ്രതിഫലിക്കാൻ അതിനാണ് കഴിയുക എന്നതിനാലായിരുന്നു.19

**സയ്യിദ് ഖുത്ബും അദ്വൈതവാദവും**

സലഫിസത്തിന്റെ അനന്തരാവകാശികളായും, കൈകാര്യകർത്താക്കളായും സ്വയം അവരോധിതരാവുന്ന ചിലർ, ഇസ്‌ലാമിക സമൂഹത്തിലെ എല്ലാ പണ്ഡിതന്മാരും തള്ളിക്കളഞ്ഞ അദ്വൈതവാ

ദത്തെ സയ്യിദ് ഖുത്ബ് അംഗീകരിക്കുന്നു എന്ന വിതണ്ഡവാദം ഉന്നയിക്കുകയുണ്ടായി. അദ്വൈതവാദി നിഷേധിയായതിനാൽ സയ്യിദ് ഖുത്ബ് നിഷേധിയാണെന്നുവരെ ചിലർ വിധി ക്കുന്നുണ്ട്.

അദ്വൈതമെന്ന മിഥ്യാവാദത്തെ ഉദാത്ത വൽക്കരിക്കുന്ന സ്വൂഫികളുടെ കാഴ്ചപ്പാടനുസ രിച്ച് ലോകത്ത് അല്ലാഹു അല്ലാതെ ഒന്നുമില്ല. നാം കാണുന്ന എല്ലാം ഈ ഒരേയൊരു ദൈവി കയാഥാർഥ്യത്തിന്റെ പ്രകടനങ്ങൾ മാത്രമാണ്. ഈ വാദമനുസരിച്ച് ഈ പ്രപഞ്ചം ദൈവമാണ് സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ വ്യത്യാസമി ല്ല. അടിമയും ഉടമയും ഒന്നുതന്നെ. അല്ലാ ഹുവും മനുഷ്യനും ഭിന്ന അസ്തിത്വങ്ങളല്ല. സൃഷ്ടികളിലെല്ലാം ദൈവികസത്ത അവതരിച്ചി രിക്കുന്നു. അത്വഴി അവ അല്ലാഹുവിന്റെ പ്രകട നമാണ്, രൂപമാണ്.

ഇബ്നുഖയ്യിമിൽ ജൗസി എഴുതുന്നു: 'അദ്വൈത വാദികളുടെ വാദം ഇങ്ങനെ: പണ്ടേ ഉള്ളവൻ എന്ന അർഥത്തിൽ ഒരു സ്രഷ്ടാവോ, പുതുതായി ഉണ്ടായവൻ എന്ന അർഥത്തിൽ സൃഷ്ടിയോ ഇല്ല. ഈ ലോകത്തിന്റെ ആസ്തിക്യം തന്നെയാണ് അല്ലാഹുവിന്റെയും ആസ്തിക്യം. ഉടമ, അടിമ, കാരുണികൻ, കരു ണാവിധേയൻ, ആരാധകൻ, ആരാധ്യൻ.............. ദൈവികസത്തയുടെ പ്രടനങ്ങൾക്കനുസൃത മായി ആപേക്ഷികമായാണ് അവ തമ്മിലെ അന്തരം പരിഗണിക്കുക'20.

ഇത്തരമൊരു മിഥ്യാവാദം സയ്യിദ് ഖുത്ബ് ഉന്നയിക്കുമെന്ന് വിശ്വാസിക്കുവാൻ കഴിയുമോ? എന്നാൽ, ശൈഖ് മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി, 'ഫീളിലാലിൽ ഖുർആനിൽ 'അൽഹദീദ്, അൽഇഖ്ലാസ്' അധ്യായങ്ങൾക്ക് ഖുത്ബ് നൽകിയ വ്യാഖ്യാനം മുൻനിർത്തി, 'അൽമുജ്തമഅ്' വാരികക്ക് നൽകിയ അഭിമുഖ ത്തിൽ ഇത്തരമൊരു ആരോപണം ഉന്നയിക്കുക യുണ്ടായി. 'സയ്യിദ് ഖുത്ബിന്റെ വാക്കുകളിൽ നിന്ന് പരമസത്യത്തിന്റെ അസ്തിത്വമല്ലാതെ മറ്റൊരു അസ്തിത്വമില്ല. ഇത്തന്നെയാണ് അദ്വൈതവാദികളും പറയുന്നത്. നാം കാണു ന്നതെല്ലാം അല്ലാഹുവാണ്. ആളുകൾ സൃഷ്ടി കൾ എന്നു പറയുന്നതെല്ലാം ദൈവമല്ലാതെ മറ്റൊന്നുമല്ല......ഈ അർഥത്തിൽ ചില പഴയ കാല സ്വൂഫികൾ, 'ഞാൻ എത്രപരിശുദ്ധൻ, ഞാൻ എത്ര മഹാൻ', ഈ കുപ്പായത്തിനകത്ത് അല്ലാഹു അല്ലാതെ ഇല്ല' എന്നെല്ലാം പറഞ്ഞി രുന്നു. ഫീ ളിലാലിലെ മേൽ രണ്ടിടങ്ങളിലും ഇത്തരം വാദഗതികളാണുള്ളത്'21

നമുക്ക് അൽബാനി പറഞ്ഞ രണ്ടിടങ്ങ ളിലും സയ്യിദ് ഖുത്ബ് എന്താണ് പറഞ്ഞ തെന്ന് പരിശോധിക്കാം:

രണ്ടിടങ്ങളിലും സയ്യിദ് ഖുത്ബ് എന്താ ണ് എഴുതിയതെന്ന് നമുക്ക് പരിശോധിക്കാം: അൽ ബാനി ആരോപിക്കുന്നതുപോലെ അതിൽ അദ്വൈതത്തെ ന്യായീകരിക്കുന്ന ഭാഗ മുണ്ടോ? സയ്യിദ് ഖുത്ബ് എഴുതുന്നു: 'ഈ പ്രപഞ്ചത്തിൽ യഥാർഥത്തിൽ ഏകനായ അല്ലാ ഹുവിന്നല്ലാതെ അസ്തിത്വമില്ല. അതിനാൽ അവൻ എല്ലാറ്റിനെയും വലയം ചെയ്യുന്നു, എല്ലാറ്റിനെയും അറിയുന്നു. 'ആദ്യത്തവനും അവസാനത്തവനും തെളിഞ്ഞവനും മറഞ്ഞവ നും......(ഹദീദ്:3) 'ആദ്യ'ത്തിന്റെ മുമ്പ് ഒരു വസ്തുവുമില്ല, 'അവസാന'ത്തിന്റെ ശേഷവും ഒന്നുമില്ല. 'തെളിഞ്ഞ'തിന്റെ മുകളിൽ ഒന്നുമില്ല. 'മറഞ്ഞ'തിന്റെ താഴെയും ഒന്നുമില്ല. 'ആദ്യ'വും 'അവസാന'വും കാലത്തെ മുഴുവൻ കവർന്നു നിൽക്കുന്നു. 'തെളിവും' 'മറവും' സ്ഥലത്തെ മുഴുവൻ ഉൾക്കൊള്ളുന്നു. ഇവ രണ്ടും കേവല ങ്ങളാണ്. ഇത് മനസ്സിലായാൽ മനുഷ്യ മന സ്സിന് എങ്ങോട്ടുതിരിഞ്ഞാലും അവിടെ അല്ലാ ഹുവിന്റേതല്ലാതെ, മറ്റൊരു വസ്തുവിന്റെ സ്വത്വം കണ്ടെത്താനാവില്ല. കാണുന്നതെല്ലാം അവനിൽ നിന്ന് നിഷ്പന്നമായിരിക്കും. ഇപ്പോൾ അതേക്കുറിച്ച് ആലോചിക്കുന്ന ഈ ഹൃദയം പോലും. അല്ലാഹുവിന്റെ സ്വത്വത്തിൽ നിന്നാണ് മറ്റെല്ലാ സ്വത്വങ്ങളും ഉണ്ടായിട്ടുള്ളത്. ആ യാഥാർഥ്യത്തിൽ നിന്നാണ് മറ്റെല്ലാ യാഥാർഥ്യങ്ങളും ഉരുത്തിരിയുന്നത്. ഈ യാഥാർഥ്യം മനസ്സിലുറപ്പിച്ചു കഴിഞ്ഞാൽ പിന്നെ, ഈ പ്രപഞ്ചത്തിലുള്ള മറ്റൊന്നിനും മനുഷ്യൻ വില കൽപിക്കുകയില്ല.

മഹത്തായ ഈ യാഥാർഥ്യത്തെക്കുറിച്ച്



ചിന്തിച്ചു ചിന്തിച്ച് പലരും കാടുകയറിയിട്ടുണ്ട്. സ്വൂഫികൾ അതിൽ ഉൾപ്പെടും. സകല പ്രാപഞ്ചിക വസ്തുക്കളിലും ദൈവത്വം ദർശിച്ച ചിലർ അദ്വൈതവാദത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ചിലർ 'അഹംബ്രഹ്മാസ്മി' എന്നും മറ്റും പറഞ്ഞിട്ടുണ്ട്. വാക്കുകളുടെ ബാഹ്യമായ വശത്തിനപ്പുറം പോകാത്തതാണ് അവർക്കൊക്കെ പറ്റിയ കുഴപ്പം. പലരും ഈ വിഭാവനത്തിലൂടെ ജീവിതം തന്നെ തുലച്ചുകളഞ്ഞു. ഇസ്‌ലാം ഇത്തരം അബദ്ധദർശനങ്ങളെ പിന്തുണയ്ക്കുന്നല്ല. മനുഷ്യ മനസിനെ കേവലം ആത്മീയ കാര്യങ്ങളിൽ തളച്ചിടുന്നതിനുപകരം, മനുഷ്യന്റെ ഈ ഭൂമിയിലെ നിയോഗ നിർവഹണത്തിനുള്ള ഒരുപാധിയാക്കി അതിനെ മാറ്റുകയെന്നതാണ് ഇസ്‌ലാമിന്റെ രീതി. ഭൂമിയിൽ ദൈവത്തിന്റെ നിയമവ്യവസ്ഥ സാക്ഷാൽക്കരിക്കുക എന്നതാണ് ആ നിയോഗം' (ഫീ ളിലാലിൽ ഖുർആൻ: 6/3479) ഇനി ഇഖ്‌ലാസ് അധ്യായത്തിലെ വിവാദ ഭാഗം കാണുക. 'അല്ലാഹു വാഹിദ്' എന്നതിനുപകരം 'അല്ലാഹു അഹദ്' എന്ന പ്രയോഗത്തിന് അർഥവ്യാപ്തിയുണ്ട്. അല്ലാഹു ഒന്ന് എന്നതിനേക്കാൾ ഏകൻ എന്നതിനും അതുണ്ടല്ലോ. അവനൊപ്പമോ, അവനെപ്പോലെയോ മറ്റാരുമില്ലെന്ന ധ്വനി 'അഹദി'നുണ്ട്.

ഇതാണ് ഏകത്വ ദർശനം. അല്ലാഹുവിന്റെ സ്വത്വം. അവന്റെ ഉൺമയാണല്ലൊ പ്രപഞ്ചത്തിന്റെ ഉൺമ. മറ്റെല്ലാം ആ സത്യസ്വരൂപത്തിൽ നിന്നും കൊളുത്തിവെച്ച കൈവിളക്കുകൾ. ഇതുതന്നെ സൃഷ്ടികർമത്തിന്റെ ഏകത്വവും. സൃഷ്ടികർത്താവ് അവൻ മാത്രം. സൃഷ്ടികർമം അവനിൽ നിന്നുമാത്രം. അവൻ തന്നെ സകലതിന്റെയും മൂലഹേതു. ഈ ദർശനമത്രെ പ്രപഞ്ചത്തിന്റെ വ്യാഖ്യാനവും, ഈ ദർശനം മനസ്സിൽ രൂഢമൂലമായാൽ അവിശ്വാസത്തിന്റേതും സംശയത്തിന്റേതുമായ എല്ലാ പുകമറകളിൽ നിന്നും മനുഷ്യഹൃദയം മുക്തമാകും. സൃഷ്ടികർമത്തിന്റെ ദർശനത്തിനും പ്രപഞ്ചയാഥാർഥ്യത്തിനുമന്യമായ എല്ലാത്തിൽനിന്നും അത് സ്വതന്ത്രമാവും, എല്ലാ പ്രപഞ്ചവസ്തുക്കളുമായുള്ള ബന്ധത്തിൽ നിന്നും. ദൈവികസ്വത്വമല്ലാത്ത മറ്റൊരു സ്വത്വം പ്രപഞ്ചത്തിനില്ലല്ലോ. ദൈവഹിതമല്ലാതെ ഒരു സൃഷ്ടികർമവും പ്രപഞ്ചത്തിൽ നടക്കുന്നില്ലല്ലോ. എങ്കിൽ പിന്നെ ദൈവഹിതവുമായും ദിവ്യശക്തിയുമായുമല്ലാതെ മറ്റെന്തുമായാണ് മനസ് ബന്ധപ്പെടുക. ഈ പരമ യാഥാർഥ്യത്തിനന്യമായ ബോധങ്ങളിൽനിന്നും ബന്ധങ്ങളിൽ നിന്നും മുക്തമാകുന്നതോടെ എല്ലാ ബന്ധനങ്ങളിൽ നിന്നും പീഢകളിൽ നിന്നും മനസ് സ്വതന്ത്രമാവുകയുണ്ടായി. മോഹത്തിന്റെ ബന്ധനങ്ങളിൽ നിന്നും. ഈ ദർശനം ഉൾക്കൊണ്ടവൻ പ്രപഞ്ചത്തിൽ ദിവ്യയാഥാർഥ്യമല്ലാതെ മറ്റൊന്നും കാണുകയില്ല. എല്ലാ വസ്തുക്കളിലും അവൻ ദൈവിക യാഥാർഥ്യമെ കാണൂ! ദൃഷ്ടിയൂന്നുന്നിടത്തെല്ലാം ദൈവികസാന്നിധ്യമറിയുന്ന മനസിന്റെ ഒരുത്തുംഗ വൈശിഷ്ട്യമാണത്. അണ്ഡകടാഹങ്ങൾക്ക് പിന്നിൽ ദൈവികയാഥാർഥ്യമല്ലാതെ മറ്റൊന്നുമില്ലാത്ത തിരിച്ചറിവാണ് അടുത്ത ഘട്ടം. കാരണം ദിവ്യയാഥാർഥ്യമല്ലാത്ത മറ്റൊന്നും അവൻ കാണുന്നില്ല. ഭൗതികമായ കാര്യ-കാരണ ബന്ധങ്ങളുടെ നിഷേധം ഇതിന്റെ തുടർച്ചയാണ്. എല്ലാ വസ്തുക്കളുടെയും സംഭവങ്ങളുടെയും ചലനങ്ങളുടെയും ആദി കാരണം അല്ലാഹുവാകുന്നു. വിശ്വാസകാര്യത്തിൽ ഖുർആൻ പ്രാമുഖ്യത്തോടെ പരാമർശിച്ചിട്ടുള്ളതാണിത്. പ്രത്യക്ഷ കാരണങ്ങൾ മാറ്റി നിർത്തി സംഭവങ്ങൾക്ക് പിന്നിൽ ദൈവഹിതം കണ്ടെത്തുന്നത് മനസിന് ശാന്തിയേകും. ഭീതിയിൽ നിന്ന് മുക്തിയും ചോദ്യങ്ങൾക്കുത്തരവുമേകാൻ കഴിയുന്നവനാരോ അവനെ മാത്രം ആശ്രയിക്കുന്ന അവസ്ഥയിലേക്ക് മനസ് വളരുന്നു. ബാഹ്യപ്രേരണകളിൽ നിന്നും പ്രത്യക്ഷ കാരണങ്ങളിൽ നിന്നും അത് സ്വാധീനമുക്തമാകുന്നു.

ഈ പടവുകളിലൂടെ നടന്നുകയറാനാണ് സ്വൂഫികൾ ശ്രമിച്ചത്. പക്ഷെ അവർ ബഹുദൂരം വ്യതിചലിച്ചുപോയി. കാരണം യാഥാർഥ്യത്തിന്റെ വഴിയിലൂടെ നടക്കാനാണല്ലൊ ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്നത്. അനുഭവങ്ങളെ യാഥാർഥ്യബോധത്തോടെ നേരിട്ടും ഭൂമിയിലെ ദൈവികപ്രാതിനിധ്യം അതിന്റെ എല്ലാ സവിശേഷതകളോടും കൂടി ഏറ്റെടുത്തും ജീവിക്കാനാണ് ഇസ്‌ലാമിന്റെ അനുശാസനം. അല്ലാഹു അല്ലാതെ മറ്റൊരു യാഥാർഥ്യമില്ലെന്നും അവന്റെ വഴിയല്ലാതെ മറ്റൊരു വഴിയില്ലെന്നുമുള്ള തിരിച്ചറിവോടെ. (ഫീ ളിലാലിൽ ഖുർആൻ: 6/4002)

**ഖുർആനിൽ നിന്നും തിരുചര്യയിൽനിന്നും നേരിട്ട് സ്വീകരിക്കാൻ കഴിവുള്ള സയ്യിദ് ഖുത്ബിനെ, തെറ്റാനും ശരിയാവാനും ഒരുപോലെ സാധ്യതയുള്ള 'ഇൽമുൽ കലാം' പോലുള്ള ഒരു ശാഖയുടെ പേരിൽ ആക്ഷേപിക്കുന്നതിനെന്തർഥം!**

സയ്യിദ് ഖുത്ബ് എന്താണ് പറഞ്ഞതെന്ന് കൃത്യമായി മനസ്സിലാക്കാനാണ് ഫീളിലാലിൽ നിന്ന് ദീർഘമായിത്തന്നെ ഉദ്ധരിച്ചത്. ഉദ്ധൃതഭാഗങ്ങളിൽ നിന്ന് അദ്ദേഹം അദ്വൈതത്തെ അംഗീകരിച്ചതായി മനസ്സിലാക്കാൻ കഴിയുമോ? ഈ രണ്ടു സ്ഥലങ്ങളിലും അദ്ദേഹം പറഞ്ഞത് വ്യാഖ്യാനമാണോ?'

'അൽഹദീദ്' അധ്യായത്തിന്റെ വ്യാഖ്യാനത്തിൽ 'ദൈവികയാഥാർഥ്യ'ത്തെയും, അല്ലാഹുവാണ് ലോകത്തെയും അതിലുള്ളവയെയും സൃഷ്ടിച്ചതെന്നും, അവൻ എല്ലാറ്റിനെയും കുറിച്ച് അറിയുന്നവനാണെന്നും, അതിൽ യഥാർഥത്തിൽ പ്രവർത്തിക്കുന്നത് അവനാണെന്നും വിവരിക്കുന്നു. തുടർന്ന്, ഈ ആദർശയാഥാർഥ്യത്തിനനുസരിച്ച് ജീവിക്കാനും, അതിന്റെ ശിക്ഷണപരവും കർമപരവും പ്രാസ്ഥാനികവുമായ ഫലങ്ങൾ തന്റെ മനസ്സിലും ബോധതലങ്ങളിലും അസ്തിത്വത്തിലും ജീവിതത്തിലും ചലനങ്ങളിലുമെല്ലാം സാക്ഷാൽക്കരിക്കാനും ആവശ്യപ്പെടുന്നു. അല്ലാഹുവിനെയല്ലാതെ ആരെയും ആഗ്രഹിക്കരുത്. ലോകത്തുള്ള എല്ലാറ്റിനോടും ബന്ധം മുറിക്കണം. കാരണം, ഒന്നിനും സ്വാധീനം ചെലുത്താൻ കഴിയില്ല, ഒന്നിനും ക്രിയാശേഷിയില്ല. ഇസ്‌ലാമികാദർശവുമായി ഇടപഴകാൻ അറിയാത്ത സ്വൂഫികളെ ഇക്കാരണത്താൽ അദ്ദേഹം നിരൂപണം ചെയ്യുന്നു. ഇത്രയുമാണ് ഈ ഭാഗം വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നത്. അദ്ദേഹത്തിന്റേത് ശിക്ഷണപരവും പ്രാസ്ഥാനികവുമായ നിലപാടാണ്. അദ്ദേഹം ഉദ്ദേശിക്കാത്തത് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കുന്നത് തെറ്റാണ്. അദ്ദേഹത്തിന്റെ ആദർശത്തെയും വിശ്വാസത്തെയും നാം എങ്ങനെയാണ് സംശയിക്കുക.

ഖുത്ബിന്റെ വാചകങ്ങളിൽ, സൃഷ്ടിയുടെ അസ്തിത്വത്തെ അഥവാ, സൃഷ്ടിയുടെ സ്വത്വത്തെ നിഷേധിക്കുന്നു എന്നതിന്റെ അർഥം അതിന്റെ കർമപരമായ അസ്തിത്വത്തെ നിഷേധിക്കുന്നു എന്നല്ല. പ്രത്യുത, സ്വന്തം നിലയിൽ പ്രവർത്തിക്കുവാനോ, പ്രതിഫലനമുണ്ടാക്കാനോ, സത്താപരമായി അവശേഷിക്കാനോ, സ്വതന്ത്രമാകാനോ കഴിയില്ല എന്ന അർഥത്തിലാണ്. കാരണം, അല്ലാഹു മാത്രമാണ് പ്രതിഫലനമുണ്ടാക്കാനും പ്രവർത്തിക്കാനും കഴിയുന്ന യഥാർഥ അസ്തിത്വം. 'അൽ ഇഖ്‌ലാസ്' അധ്യായത്തിന്റെ വ്യാഖ്യാനത്തിലെ പരാമർശം അല്ലാഹുവിന്റേത് മാത്രമായ 'അസ്തിത്വ ഏകത്വ'ത്തെക്കുറിച്ചാണ്. അല്ലാതെ 'അദ്വൈത'ത്തെക്കുറിച്ചല്ല'. ലോകത്ത് നടക്കുന്ന എല്ലാ കർമങ്ങളും ഏതൊരു അല്ലാഹുവിൽ നിന്നാണോ ഉടലെടുക്കേണ്ടത്, ആ അല്ലാഹുവിന്റെ ഏകത്വത്തെ സ്ഥാപിക്കുകയാണദ്ദേഹം. ലോകത്ത് കാണപ്പെടുന്ന എല്ലാ ബാഹ്യകാരണങ്ങളുടെയും ക്രിയാത്മകതയെ നിഷേധിച്ച്, എല്ലാ വസ്തുക്കളെയും സംഭവങ്ങളെയും ചലനങ്ങളെയും ഏകനായ അല്ലാഹുവിൽ മാത്രം പരിമിതപ്പെടുത്തുകയാണദ്ദേഹത്തിന്റെ പ്രസ്താവനയുടെ താൽപര്യം. അതുവഴി, ലോകത്തെ എല്ലാ കാരണങ്ങളുടെയും ആദി കാരണം അല്ലാഹുവാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു. ഇത് അദ്ദേഹം സ്ഥാപിക്കുന്നത് ആദർശപരവും ശിക്ഷണപരവും കർമപരവും പ്രാസ്ഥാനികവുമായ ലക്ഷ്യത്തിന്നായാണ്. പ്രബോധകരോടാണ് അദ്ദേഹം സംവദിക്കുന്നത്. അവരുടെ ആദർശം അവ്വിധം രൂപപ്പെടണം. അതനുസരിച്ചായിരിക്കണം അവർ ജീവിക്കുന്നത്. അവരുടെ ഹൃദയങ്ങളും സ്വത്വങ്ങളുമെല്ലാം അസ്തിത്വത്തിലും കർമ്മക്ഷമതയിലും ഏകനായ അവരുടെ സ്രഷ്ടാവിലേക്ക് തിരിയണം. അതുവഴി അവരുടെ ഹദയങ്ങൾ ശാന്തിയാലും ദാർഢ്യത്താലും സ്ഥൈര്യത്താലും സമരത്താലും ആദർശത്താലും ഏകദൈവവിശ്വാസത്താലും ഭരമേൽപിനാലും സഹായാർഥനയാലും നിറഞ്ഞു തൂവണം. ഇത് സജീവവും, പ്രതിഫലന ക്ഷമവും രചനാത്മകവുമായ ആദർശമാണ്. അദ്വൈത ചിന്തയിലേക്ക് നയിച്ച സ്വൂഫികളുടെ നിഷേധാത്മകതയെ സയ്യിദ് ഇത്രയും ശക്തമായി വിമർശിക്കാൻ കാരണം അതാണ്.

അല്ലാഹു അല്ലാത്ത ഒന്നും ഇല്ലെന്ന് അദ്ദേഹം നിഷേധിച്ചു പറഞ്ഞതിന്റെ ഉദ്ദേശ്യം, വസ്തുതാപരമായി ലോകത്ത് മറ്റൊരു ക്രിയാ അസ്തിത്വവുമില്ല എന്നല്ല. അതേസമയം, ഇതര അസ്തിത്വങ്ങൾക്കൊന്നും യഥാർഥത്തിൽ സ്വന്തം നിലയിൽ കർമക്ഷമതയോ, പ്രതിഫലന ക്ഷമതയോ ഇല്ല. എല്ലാ വസ്തുക്കൾക്കും അസ്തിത്വമുണ്ട്. അവയെല്ലാം സ്ഥലബന്ധിതവുമാണ്. എങ്കിലും അവക്കൊന്നിനും സ്വന്തം നിലയിൽ കർമക്ഷമതയോ പ്രതിഫലനക്ഷമതയോ ചലനമോ, നിയന്ത്രണ ശേഷിയോ ഇല്ല. ഉപകാരമോ ഉപദ്രവമോ ചെയ്യാനോ കഴിയില്ല.

സയ്യിദ് ഖുത്ബിനെ പോലുള്ള ഒരു പ്രബോധകൻ ഈയൊരു യാഥാർഥ്യത്തിന്നനുസൃതമായി ജീവിക്കാൻ ക്ഷണിക്കുമ്പോൾ-അല്ലാഹുവിന്റെ ശക്തിയല്ലാതെ കാണാതിരിക്കാൻ, അല്ലാഹുവിനെയല്ലാതെ പ്രപഞ്ചത്തിൽ കാണാതിരിക്കാൻ – അതുകൊണ്ടുദ്ദേശിക്കുന്നത് ദൃഷ്ടി കൊണ്ടുള്ള കാഴ്ചയല്ല. പ്രത്യുത ഹൃദയദൃഷ്ടി കൊണ്ടുള്ള കാഴ്ചയാണ് ഉദ്ദേശിക്കുന്നത്. ആത്മീയവും വിശ്വാസപരവുമായ ദൃഷ്ടി, ബോധേന്ദ്രിയങ്ങളിലും അറിവുകളാലുമുള്ള ദൃഷ്ടി........... ഭൗതിക ദൃഷ്ടിയാൽ നോക്കുമ്പോൾ പ്രപഞ്ചവസ്തുക്കൾക്കെല്ലാം അസ്തിത്വമുണ്ട്. പക്ഷെ, ഹൃദയബോധതലങ്ങളാവട്ടെ, അവക്ക് കർമക്ഷമതയോ സ്വാധീനമോ ഇല്ലെന്ന് നിഷേധിക്കുന്നു. അതാണ് ഇവിടെ സയ്യിദ് ഖുത്ബ് വിവക്ഷിച്ചിരിക്കുന്നത്. രണ്ടിടത്തും

അദ്ദേഹം അദ്വൈത വാദത്തിന്റെ വക്താവായിട്ടില്ല. അദ്ദേഹത്തിന്റെ വരികളിൽ നിന്ന് അങ്ങനെയൊന്ന് മനസ്സിലാക്കാനും കഴിയില്ല.

പല മുൻകാല പണ്ഡിതന്മാരും സയ്യിദ് ഖുത്ബിന്റേതിനു സമാനമായ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്തിട്ടുണ്ട്. അവരൊന്നും പക്ഷെ തെറ്റിദ്ധരിക്കപ്പെട്ടിട്ടില്ല. അവരെപ്പറ്റി ആരും അദ്വൈതാരോപണം നടത്തിയിട്ടില്ല. ഇബ്നുതൈമിയ്യഃയെയും അദ്ദേഹത്തിന്റെ ശിഷ്യൻ ഇബ്നുൽ ഖയ്യിമിനെയും ഉദ്ധരിക്കാം.

ഇബ്നുതൈമിയ്യഃ തന്റെ 'അൽ ഉബൂദിയ്യഃ' എന്ന കൃതിയിൽ, അല്ലാഹുവിലും അവന്റെ ഇബാദത്തിലും ലയിക്കുന്ന രണ്ടാമത്തെ ഇനത്തെപറ്റി എഴുതുന്നു: 'ഇങ്ങനെ അല്ലാഹുവിൽ ലയിക്കുന്ന ആളുകളുടെ അസ്തിത്വം അപ്രത്യക്ഷമാവും! അയാളെക്കുറിച്ച ദൃശ്യവും സ്മൃതിയും അറിവും അല്ലാഹുവിൽ ലയിക്കും. സൃഷ്ടികളും അടിമയുമെല്ലാം ഇല്ലാതെയാവും. എന്നുമുണ്ടായിരുന്നവർ അഥവാ അല്ലാഹു മാത്രം ബാക്കിയാവും (സാരം)22. ഇബ്നുൽ ഖയ്യിം എഴുതുന്നു: 'താൻ അസ്തിത്വപരമായി ഉള്ളവനാണെങ്കിലും ദർശന വിധേയനല്ലെന്ന് നിഷേധിക്കുക. ബാഹ്യമായും സത്താപരമായും ഇല്ല എന്നല്ല, ദൃശ്യപരമായും വൈജ്ഞാനികമായും നിഷേധിക്കുക. ആദ്യമായി, വൈജ്ഞാനികവും ദൃശ്യവുമായ അസ്തിത്വത്തിൽ നിന്ന് അപ്രത്യക്ഷമാവുക. പിന്നീട്, തന്റെ അറിവിൽ തന്റെ അസ്തിത്വത്തെ രണ്ടാമതായി നിഷേധിക്കുക. അതായത്, നിഷേധിച്ച് ഇല്ലാതെയാവുക. അതായത്, യാഥാർഥ്യത്തിൽ-അല്ലാഹുവിൽ-ലയിച്ചു ചേരുക. അതോടെ, അയാൾക്ക് തീരെ അസ്തിത്വമുണ്ടാവില്ല. പരമസത്യമായ അല്ലാഹുവാലല്ലാതെ അയാൾക്ക് നിലനിൽപുണ്ടാവില്ല. പരമസത്യമായ അല്ലാഹു ഇല്ലെങ്കിൽ അയാൾക്ക് അസ്തിത്വമില്ല. യഥാർഥത്തിൽ, അല്ലാഹു മാത്രമാണ് യഥാർഥ അസ്തിത്വം. ചരാചരങ്ങളെല്ലാം അവന്റെ അസ്തിത്വത്തിന്റെ പ്രതിഫലനം മാത്രം. അവയ്ക്ക് അസ്തിത്വമില്ല, പ്രതിഫനക്ഷമതയില്ല. അവ ഇല്ല, ലയിച്ച് അപ്രത്യമായതാണ്'23 ഇബ്നു തൈമിയ്യയെയും ഇബ്നുൽ ഖയ്യിമിനെയും കുറിച്ച് നല്ലത് വിചാരിക്കുന്ന നമുക്ക് സയ്യിദ് ഖുത്ബിനെപ്പറ്റി നല്ലത് വിചാരിക്കാൻ കഴിയാത്തതെന്തുകൊണ്ട്? അതോ, സയ്യിദിന്റെ വിഷയത്തിൽ സലഫി 'അനന്തരാവകാശികൾ' പ്രത്യേക വിധി പ്രസ്താവിക്കുകയാണോ?

സയ്യിദ് ഖുത്ബ് തികഞ്ഞ സാഹിത്യ ശൈലിയിൽ, സജീവവും ശക്തവുമായ ഈമാനിക വികാരത്താൽ തന്റെ വാചകങ്ങൾ എഴുതുകയായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ വാക്കുകളെ സലഫി അഖീദയനുസരിച്ച് വ്യാഖ്യാനിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അല്ലാതെ, അദ്ദേഹത്തെ അദ്വൈതവാദിയാക്കുകയായിരുന്നില്ല.

ഇമാം അബ്ദുല്ലാഹിബ്നു മുഹമ്മദുൽഹർവി തന്റെ 'മനാസിലുസ്സാഇരീന ഇലൽ ഹഖ്വി' എന്ന കൃതിയിൽ അല്ലാഹുവിൽ ലയിക്കുന്നതിനെപറ്റി എഴുതിയതിനെ ചിലർ അദ്വൈതവാദമായി ചിത്രീകരിച്ചപ്പോൾ, ഹർവിയെ പ്രതിരോധിച്ചുകൊണ്ട് ഇബ്നുൽ ഖയ്യിം എഴുതി: 'ശൈഖ് ഹർവി നിരീശ്വര ചിന്തയിൽ നിന്ന് മുക്തനാണ്. അദ്ദേഹത്തിന്റെ വാചകങ്ങൾ അങ്ങനെ തോന്നിപ്പിക്കുമെങ്കിലും, എന്നല്ല, മനസിലാക്കിത്തരുന്നതെങ്കിലും.24 ഹർവി അദ്വൈതവാദമുന്നയിച്ചു എന്നത് ശൈഖുൽ ഇസ്‌ലാമിനെ പറ്റി കള്ളം ആരോപിക്കലാണ്. 25 'ബാഹ്യലോകത്ത് അല്ലാഹു അല്ലാതെ മറ്റൊന്നും ഇല്ലെന്ന് പറയുകയല്ല അവരുടെ ഉദ്ദേശ്യം. പ്രത്യുത, അവ കാഴ്ചയിലും അനുഭവത്തിലും ഇല്ലെന്ന് പറയുകയാണ്.26 ഇബ്നുതൈമിയ്യഃ എഴുതുന്നു: 'ഞാൻ അല്ലാഹുവിനെയല്ലാതെ കാണുന്നില്ല, അഥവാ, ഞാൻ അല്ലാഹുവിലേക്കല്ലാതെ നോക്കുന്നില്ല എന്നൊക്കെ പണ്ഡിതന്മാർ പറഞ്ഞാൽ, അതിന്റെ ഉദ്ദേശ്യം, ഞാൻ അവനെയല്ലാതെ റബ്ബായോ, സ്രഷ്ടാവായോ, നിയന്താവായോ കാണുന്നില്ല, എനിക്ക് അവനല്ലാതെ ദൈവമില്ല എന്നത്രെ. അല്ലാഹുവോടുള്ള സ്നേഹത്താലും ഭയത്താലും പ്രതീക്ഷയാലും ഞാൻ മറ്റൊരാളെ നോക്കുന്നില്ല എന്നു സാരം. 27

**സയ്യിദ് ഖുത്ബ് അദ്വൈതത്തെ ഖണ്ഡിക്കുന്നു**

ചിലയാളുകൾ ഫീളിലാലിലെ മേൽ രണ്ട് സ്ഥലങ്ങളിൽ നിന്ന് സയ്യിദ് ഖുത്ബ് അദ്വൈതവാദിയായിരുന്നു എന്ന് സ്ഥാപിക്കാൻ വാശിപിടിക്കുന്നു. അതേസമയം, അദ്ദേഹം അതിനെ ഖണ്ഡിക്കുന്നവിധം മറ്റെവിടെയെങ്കിലും എഴുതിയില്ലെങ്കിൽ വാദത്തിന് വേണ്ടി നമുക്ക് അത് സമ്മതിച്ചു കൊടുക്കാമായിരുന്നു. അദ്വൈതമെന്ന മിഥ്യാവാദത്തെ ഖണ്ഡിക്കുന്ന ഒട്ടേറെ വാചകങ്ങൾ അദ്ദേഹത്തിന്റേതായി ഫീളിലാലിലും മറ്റു കൃതികളിലും ധാരാളമായി കാണാമെന്നിരിക്കെ അങ്ങനെ വാശിപിടിക്കുന്നത് ശരിയല്ല.

ദിവ്യത്വമെന്ന യാഥാർഥ്യത്തെയും, ദാസ്യമെന്ന യാഥാർഥ്യത്തെയും സംബന്ധിച്ച് 'ഖസ്വാഇസ്വുത്തസ്വവ്വുരിൽ ഇസ്‌ലാമി' എന്ന കൃതിയിൽ സയ്യിദ് ഖുത്ബ് എഴുതുന്നു: 'ഇസ്‌ലാം ദിവ്യത്വമെന്ന യാഥാർഥ്യത്തെയും, ദാസ്യമെന്ന യാഥാർഥ്യത്തെയും, ദിവ്യത്വമെന്ന സ്ഥാനവും ദാസ്യമെന്ന അവസ്ഥയും, ദിവ്യത്വത്തിന്റെ സവിശേഷതകളും ദാസ്യത്തിന്റെ പ്രത്യേകതകളുമെല്ലാം സംശയാതീതമാംവിധം പൂർണമായും വേർതിരിച്ചവതരിപ്പിക്കുന്നു.28 തൗഹീദിനെക്കുറിച്ചെഴുതവെ മേൽകൃതിയിൽ അദ്ദേഹം എഴുതുന്നു: ഇസ്‌ലാമിക കാഴ്ചപ്പാട് ദിവ്യത്വം, അടിമത്തം എന്നീ രണ്ട് അടിത്തറകളിലാണ് നിലകൊള്ളുന്നത്...........അല്ലാഹുവിന് മാത്രമുള്ള ദിവ്യത്വം. അവനല്ലാത്തവരും, അവനല്ലാ

ത്തവയും പങ്കുവെക്കുന്ന അടിമത്തം. ദിവ്യത്വം അല്ലാഹുവിന് മാത്രമാണെന്നതുപോലെ ദിവ്യത്വത്തിന്റെ സവിശേഷതകളും അവന്നു മാത്രമാണ്. ജീവനുള്ളവയും അല്ലാത്തവയുമായ എല്ലാം അടിമത്തത്തിൽ പങ്കാളികളാണെന്ന പോലെ, അവയെല്ലാം ദിവ്യത്വത്തിന്റെ സവിശേഷതകളിൽനിന്ന് മുക്തമാണ്. ആയതിനാൽ, രണ്ട് വ്യതിരിക്ത അസ്തിത്വങ്ങളുണ്ട്. അല്ലാഹുവിന്റെ അസ്തിത്വം, അവനൊഴികെയുള്ള അടിമകളുടെ അസ്തിത്വം. രണ്ട് അസ്തിത്വങ്ങളും തമ്മിലുള്ള ബന്ധം സ്രഷ്ടാവ് സൃഷ്ടിയുമായും, ദൈവം അടിമകളുമായുള്ള ബന്ധമാണ്.29 ഫീളിലാലിന്റെ ഒന്നാം പതിപ്പ് ഇറങ്ങിയ ശേഷമാണ് 'ഖസ്വാഇസ്വുത്തസവ്വുരിൽ ഇസ്‌ലാമി' പുറത്തിറങ്ങിയത്. ആയതിനാൽ, ഫീളിലാലിന്റെ അവ്യക്തമായ വാക്കുകളേക്കാൾ 'ഖസ്വാഇസി'ലെ മേൽ വാചകങ്ങൾ അവലംബിക്കുകയാണ് അദ്ദേഹത്തെക്കുറിച്ച വിധിയെഴുത്തിൽ കൂടുതൽ കരണീയം.

'ഫീ ളിലാലി'ൽ വേറെയും ഇടങ്ങളിൽ ഇത്തരം പരാമർശങ്ങൾ കാണാം. ആയത്തുൽ കുർസി വിശദീകരിച്ചു കൊണ്ടെഴുതുന്നു: ........... ദിവ്യത്വത്തിന്റെയും ദാസ്യത്തിന്റെയും സ്ഥാനം വിശദീകരിക്കുന്ന അല്ലാഹുവിന്റെ മറ്റൊരു വിശേഷണമാണിത്. അടിമകളെല്ലാവരും ദിവ്യത്വത്തിന്റെ സവിധത്തിൽ ദാസ്യത്തിന്റെ നിൽപ്പാണ് നിൽക്കുന്നത്. അതിന്റെ പരിധി അവർക്ക് ലംഘിക്കാനാവില്ല. ഈ യാഥാർഥ്യത്തിന്റെ തണലിൽ, പ്രവാചകന്മാർക്ക് ശേഷം വന്ന വഴിതെറ്റിയ എല്ലാ കാഴ്ചപ്പാടുകളും വ്യക്തമാവും. ദിവ്യത്വം എന്ന യാഥാർഥ്യത്തെയും ദാസ്യം എന്ന യാഥാർഥ്യത്തെയും ഇടകലർത്തി അവന് പുത്രനെയും മറ്റും ആരോപിച്ച് അവർ കളങ്കപ്പെടുത്തി............ഇസ്‌ലാമിക സങ്കൽപത്തിന്റെ സ്പഷ്ടതയാണ് നാം ഇവിടെ കാണുന്നത്. ആശയം വളരെ വ്യക്തം. ഊഹങ്ങൾക്കിടമില്ല. ചഞ്ചലമായ നിലപാടില്ല. ദിവ്യത്വം, ദിവ്യത്വം തന്നെ. ദാസ്യം, ദാസ്യവും. രണ്ടിന്റെയും പ്രകൃതികൾ തമ്മിൽ യാതൊരു ചേർച്ചയുമില്ല. റബ്ബ് റബ്ബും അടിമ അടിമയും. രണ്ടിന്റെയും പ്രകൃതികൾ തമ്മിൽ പങ്കാളിത്തമില്ല, ചേർച്ചയില്ല.29

അഅ്റാഫ്: 188-ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: 'ഈ പ്രഖ്യാപനത്തിലൂടെ ഇസ്‌ലാമിക തൗഹീദ് വിശ്വാസത്തിന് ശിർക്കിന്റെ എല്ലാ രൂപങ്ങളിൽ നിന്നുമുള്ള മുക്തി എന്ന സവിശേഷത പൂർത്തിയാവുന്നു. ദൈവിക സത്ത മനുഷ്യർക്ക് ഒരു തരത്തിലും പങ്കുചേരാൻ കഴിയാത്തവിധം ഏകമാവുന്നു, അത് മുഹമ്മദ് നബി(സ) എന്ന മനുഷ്യനാണെങ്കിൽ പോലും.30

'ഇസ്‌ലാമിക സിദ്ധാന്തം സ്രഷ്ടാവ് വേറെ, സൃഷ്ടി വേറെ എന്നതാണ്. സ്രഷ്ടാവിനെ പോലെ ഒന്നുമില്ല. ഇവിടെ വെച്ച് 'അദ്വൈതവാദം' എന്ന സാങ്കേതിക പദം-സൃഷ്ടിയും സ്രഷ്ടാവും ഒന്നാണെന്ന വാദം സംബന്ധിച്ച് ഒരു അമുസ്‌ലിം മനസിലാക്കുന്നത് ഇസ്‌ലാമിക കാഴ്ചപ്പാടിന്നന്യമാകുന്നു. പ്രപഞ്ചം സ്രഷ്ടാവിന്റെ ദൃശ്യരൂപമാണ് മുതലായ ഈ അടിസ്ഥാനത്തിലുള്ള ഏത് കാഴ്ചപ്പാടിനെയും നിരാകരിക്കുന്നു.31

മുകളിലെ എല്ലാ ഉദ്ധരണികളും ഫീ ളിലാലിന്റെ സംശോധിത പതിപ്പിൽ നിന്ന് എടുത്തു ചേർത്തവയാണ്; ഒന്നാം പതിപ്പിലെ തെറ്റിദ്ധാരണാജനകമെന്ന് ചിലർക്കൊക്കെ വിമർശിക്കാവുന്നവ എഴുതിയശേഷം. ഇവിടെ നാം അദ്ദേഹം ഒടുവിൽ എഴുതിയതാണ്. സ്വീകരിക്കേണ്ടത്.

നിദാന ശാസ്ത്രകാരനായ ഡോ: അബ്ദുല്ലാ അസ്സാം, ശൈഖ് അൽ ബാദിയെ തിരുത്തിക്കൊണ്ടെഴുതിയ ഭാഗത്തോടെ ഇതവസാനിപ്പിക്കാം:

'ഉസ്താദ് അൽ ബാനി താഴെ പറയുന്ന കാര്യങ്ങൾക്കായിരുന്നു ശ്രമിക്കേണ്ടിയിരുന്നത്.

1- സയ്യിദ് ഖുത്ബിന്റെ രചനകളിൽ നിന്ന്, സംഗ്രഹിച്ചു പറഞ്ഞതിനുപകരം വിശദമായി പറഞ്ഞതു, അവ്യക്മായി എഴുതിയതിനുപകരം വ്യക്തമായി എഴുതിയതും സ്വീകരിക്കണമായിരുന്നു.

2- അൽ ഹദീദ്, അൽ ഇഖ്‌ലാസ് എന്നീ അധ്യായങ്ങൾ എഴുതിയ ശേഷമാണ് രണ്ടാം പതിപ്പിലെ അൽ ബഖറഃ എഴുതിയത്. രണ്ടാം പതിപ്പിലെ മേൽ രണ്ട് അധ്യായങ്ങളും വിപുലീകരിക്കാൻ അദ്ദേഹത്തിന് അവസരം കിട്ടിയിട്ടില്ല. അതിനാൽ, നാസിറുദ്ദീൻ അൽ ബാനി രണ്ടാം പതിപ്പിലെ അൽ ബഖറഃ വ്യാഖ്യാനം പരിഗണിച്ചാൽ മതിയായിരുന്നു.

3- അതുമല്ലെങ്കിൽ സയ്യിദിന്റെ വ്യത്യസ്ത വാചകങ്ങളിൽ സ്വീകാര്യമായിത്തോന്നിയത് മുൻഗണന നൽകിയാൽ മതിയായിരുന്നു.

(എ) അൽഹദീദ്, അൽ ഇഖ്‌ലാസ് അധ്യായങ്ങളിലെ വ്യാഖ്യാനത്തേക്കാൾ അൽ ബഖറഃ അധ്യായത്തിലെ വ്യാഖ്യാനത്തിന് മുൻഗണന നൽകുക.

(ബി) രണ്ട് അധ്യായങ്ങളിലെയും അവ്യക്തമായ വ്യാഖ്യാനത്തേക്കാൾ, അദ്വൈത വാദത്തെ ഖണ്ഡിക്കുന്ന ഖുത്ബിന്റെ വ്യക്തമായ പരാമർശത്തിന് മുൻതൂക്കം നൽകുക.

(സി) അൽഹദീദ്, അൽ ഇഖ്‌ലാസ് എന്നിവയിലെ പരാമർശങ്ങളേക്കാൾ അൽബഖറഃ, അന്നിസാഅ് അധ്യായങ്ങളിലെ, 'അല്ലാഹുവിനുള്ള ദാസ്യത്തിന്റെ സ്ഥാനവും, അല്ലാഹുവിന്റെ ദൈവികത എന്ന സ്ഥാനവും രണ്ടും രണ്ടാണ്. അവ രണ്ടും ഒരിക്കലും സമ്മിശ്രമാവില്ല. വേറിട്ടു തന്നെയിരിക്കും' എന്ന വ്യക്തമായ പരാമർശത്തിന് മുൻതൂക്കം നൽകുക.

4- മേൽ രണ്ടു വാചകങ്ങളേയും അസാധുവാക്കി അവയെക്കുറിച്ച് മൗനം പാലിക്കുക. ■

*ലേഖകന്റെ 'ഫീ ളിലാലിൽ ഖുർആൻ ഫിൽ മീസാൻ' എന്ന കൃതിയിൽ നിന്ന്.*

**വിവ: കെ.എ.എൽ**